**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 895** **09-10-2024 - ൽ മറുപടിയ്ക്ക്**

**ഇ- ഗ്രാന്റ് വിതരണത്തിൽ തടസ്സം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർഥികളുടെ ഇ-ഗ്രാന്റ് വിതരണത്തിൽ തടസ്സം നേരിടുകയുണ്ടായോ; എന്നു വരെയുള്ള ഇ- ഗ്രന്റാണ് നാളിതുവരെ വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് വിതരണത്തിൽ തടസ്സം നേരിട്ടിട്ടില്ല.<br><br>2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇത് സംബന്ധിച്ച് സാങ്കേതിക സഹായം നൽകുവാൻ കേന്ദ്രസർക്കാർ കാലതാമസം വരുത്തിയതു കാരണം സ്കോളർഷിപ്പ് കുടിശ്ശികയാവുന്ന സാഹചര്യമുണ്ടായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻ തന്നെ കുടിശ്ശിക അടക്കമുള്ള മുഴുവൻ തുകയും വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചു. വിദ്യാർഥികൾ അപേക്ഷ സമർപ്പിക്കുന്നതിലും സ്ഥാപനങ്ങൾ ഈ അപേക്ഷകൾ പരിശോധിച്ച് ഫോർവേർഡ് ചെയ്യുന്നതിലും വന്ന കാലതാമസവും കുടിശ്ശിക വരുവാൻ കാരണമായി. വിവിധ സർവകലാശാലകളുടെയും പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഏകീകരിച്ചുകൊണ്ട് താമസം വിനാ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>പട്ടികജാതി വിഭാഗം വിദ്യാർഥികളുടെ 2022-23, 2023-24 അധ്യയന വർഷങ്ങളിലെ അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ 223 കോടി രൂപ പൂർണമായും വിനിയോഗിച്ചു കൊണ്ട് കുടിശിക വിതരണം ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് 2022-23 വർഷം 1.50 കോടി രൂപയും 2023-24 വർഷത്തെ കുടിശിക ഇനത്തിൽ 108.50 കോടി രൂപയും ഉൾപ്പെടെ ആകെ 110.00 കോടി രൂപ |

| | | | |
|---|---|---|---|
| | | | കുടിശിക വിതരണം ചെയ്യാനുണ്ട്. സ്കോളർഷിപ്പ് ഇനത്തിലെ കുടിശ്ശിക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ അധിക തുക വകയിരുത്തി ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് 2023-24 വരെ 18.29 കോടി രൂപ കുടിശികയുണ്ട്. കുടിശിക അടക്കമുള്ള മുഴുവൻ തുകയും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇ-ഗ്രാന്റ് വിതരണം തടസ്സപ്പെടാനിടയായ സാഹചര്യങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കുമോ; ഈ ഇനത്തിൽ വിതരണം ചെയ്യാനുള്ള ആകെ കുടിശ്ശിക എത്രയാണെന്ന് വിശദമാക്കാമോ; | (ബി) | പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് വിതരണത്തിൽ തടസ്സം നേരിട്ടിട്ടില്ല.<br><br>2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇത് സംബന്ധിച്ച് സാങ്കേതിക സഹായം നൽകുവാൻ കേന്ദ്രസർക്കാർ കാലതാമസം വരുത്തിയതു കാരണം സ്കോളർഷിപ്പ് കുടിശ്ശികയാവുന്ന സാഹചര്യമുണ്ടായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻ തന്നെ കുടിശ്ശിക അടക്കമുള്ള മുഴുവൻ തുകയും വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചു. വിദ്യാർഥികൾ അപേക്ഷ സമർപ്പിക്കുന്നതിലും സ്ഥാപനങ്ങൾ ഈ അപേക്ഷകൾ പരിശോധിച്ച് ഫോർവേർഡ് ചെയ്യുന്നതിലും വന്ന കാലതാമസവും കുടിശ്ശിക വരുവാൻ കാരണമായി. വിവിധ സർവകലാശാലകളുടെയും പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഏകീകരിച്ചുകൊണ്ട് താമസം വിനാ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>പട്ടികജാതി വിഭാഗം വിദ്യാർഥികളുടെ 2022-23, 2023-24 അധ്യയന വർഷങ്ങളിലെ അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ 223 കോടി രൂപ പൂർണമായും വിനിയോഗിച്ചു കൊണ്ട് കുടിശിക വിതരണം ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് 2022-23 വർഷം 1.50 കോടി രൂപയും 2023-24 വർഷത്തെ കുടിശിക ഇനത്തിൽ 108.50 കോടി രൂപയും ഉൾപ്പെടെ ആകെ 110.00 കോടി രൂപ കുടിശിക വിതരണം ചെയ്യാനുണ്ട്. സ്കോളർഷിപ്പ് ഇനത്തിലെ കുടിശ്ശിക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | ശീർഷകത്തിൽ അധിക തുക വകയിരുത്തി ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് 2023-24 വരെ 18.29 കോടി രൂപ കുടിശികയുണ്ട്. കുടിശിക അടക്കമുള്ള മുഴുവൻ തുകയും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയാണ് ഇ-ഗ്രാന്റ് വിതരണം തടസപ്പെടാൻ കാരണമെന്ന് സി.എ.ജി റിപ്പോർട്ട് ചെയ്യുകയുണ്ടായോ; എങ്കിൽ ഇക്കാര്യത്തിൽ ഡയറക്ടറേറ്റിന് സംഭവിച്ച എന്തെല്ലാം വീഴ്ചകളാണ് സി.എ.ജി. ചൂണ്ടിക്കാണിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | പരിശോധിക്കുന്നതാണ് |
| (ഡി) | കേന്ദ്ര സർക്കാരിന് യഥാസമയം ലിസ്റ്റ് നൽകാൻ കഴിയാത്തത് ഇ-ഗ്രാന്റ് വിതരണം തടസപ്പെടാൻ കാരണമായിട്ടുണ്ടോ; നിലവിൽ കൃത്യസമയത്ത് കേന്ദ്ര സർക്കാരിന് ലിസ്റ്റ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ സംസ്ഥാന വിഹിതം സംസ്ഥാന സർക്കാർ വിതരണം ചെയ്യുകയും കേന്ദ്ര വിഹിതം തുക ലഭിക്കുന്നതിനായി വിദ്യാർത്ഥികളുടെ ഡേറ്റ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലേക്ക് ഷെയർ ചെയ്യുകമാണ് ചെയ്യുന്നത് . കേന്ദ്ര വിഹിതം തുക കേന്ദ്ര സർക്കാർ നേരിട്ടാണ് വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് നൽകുന്നത്.സംസ്ഥാന വിഹിതം വിതരണം പൂർത്തീകരിക്കുന്ന വിദ്യാർത്ഥികളുടെ ഡേറ്റ യഥാസമയം നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലേക്ക് ഷെയർ ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ